**തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Ajithkumar M P)**

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–മുൻ മുൻസിപ്പൽ കോമൺ സർവീസ് - എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിലേക്ക് തസ്തികമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ .<LSGD/PD/22110/2024-DEE4 >തീയതി:28-06-2025

പരാമർശം:
1) തദ്ദേശസ്വയംഭരണ(ഇ.ആർ.എ) വകുപ്പിന്റെ 21/10/2023-ലെ സ.ഉ.(സാ.ധാ) 2069 /2023/LSGD നമ്പർ ഉത്തരവ്
2) ഈ കാര്യാലയത്തിലെ 05.06.2025 തീയതിയിലെ LSGD/PD/61925/2023-DEE4 നമ്പർ സീനിയോറിറ്റി ലിസ്റ്റ്
3) 22.12.2022 തീയതിയിലെ 277/2022/lsgd നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ (മുൻ മുൻസിപ്പൽ കോമൺ) വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിൽ നിലവിൽ വരുന്ന ഒഴിവുകളെ തസ്തികമാറ്റ നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും 1:1 എന്ന അനുപാതത്തിൽ നിശ്ചയിച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ, കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ ഉണ്ടായിട്ടുള്ള 2 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II ഒഴിവുകൾ തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ളതാണ്. പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം വകുപ്പിലെ യോഗ്യതയുള്ള ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരിൽ നിന്നും തസ്തികമാറ്റം മുഖേന നിയമനം നൽകുന്നതിന് മാറ്റിവച്ചിട്ടുള്ള 7 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ മുൻസിപ്പൽ കോമൺ സർവീസിലെ ജീവനക്കാർക്ക് അനുവദിച്ചുള്ള 1 തസ്തിക ഉൾപ്പെടെ 3 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ഒഴിവുകൾ മുൻ മുൻസിപ്പൽ കോമൺ സർവീസിലെ ജീവനക്കാർക്ക് തസ്തികമാറ്റം നല്കുന്നതിലേക്കായി നിലവിലുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന നിയമനം നേടുന്നതിന് യോഗ്യതയുള്ള എൽ.ഡി.ടൈപ്പിസ്റ്റുമാരെയും (മുൻസിപ്പൽ കോമൺ സർവീസ് ഉൾപ്പെടെ) ഉൾപ്പെടുത്തി അന്തിമ മുൻഗണനാപ്പട്ടിക മേൽ പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ കാര്യാലയങ്ങളിൽ എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന പരാമർശം (3) സീനിയോറിറ്റി ലിസ്റ്റിൽ പട്ടിക 1-ൽ ക്രമനമ്പർ 1, 2, 3 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരെ ഒഴിവുകൾ നിലവിൽ വന്ന തീയതി പരിഗണിച്ച് 27900 - 63700 രൂപ ശമ്പള സ്കെയിലിൽ തസ്തിക മാറ്റം

വഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിലേക്ക് ഉദ്യോഗകയറ്റം നൽകി അവരുടെ പേരിനു നേരെ ചേർക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | നിലവിൽ സേവനത്തിൽ തുടരുന്ന കാര്യാലയം | തസ്തികമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം |
|---|---|---|---|
| 1 | ശ്രീബി ബി ഞാറ്റുവീട്ടിൽ, എൽ ഡി ടൈപ്പിസ്റ്റ്, | നോർത്ത് പറവൂർ നഗരസഭ | കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ |
| 2 | ജിസ്ന കെ കെ, എൽ ഡി ടൈപ്പിസ്റ്റ് | ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | കോഴിക്കോട് ജില്ലാ പഞ്ചായത്ത് |
| 3 | സൂര്യ എസ് വേണു, എൽ ഡി ടൈപ്പിസ്റ്റ് | തിരൂർ നഗരസഭ | കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ |

മേൽ ജീവനക്കാർ ഈ ഉത്തരവ് കൈപ്പറ്റി ഉടനടി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു മുന്നോടിയായി ടിയാളുകൾ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികക്ക് ആവശ്യമായ യോഗ്യതകൾ ആർജ്ജിച്ചിട്ടുണ്ടോയെന്ന് നിയന്ത്രണാധികാരി ഉറപ്പ് വരുത്തേണ്ടതാണ്. തസ്തികമാറ്റം ലഭിച്ച് പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിൽ രണ്ട് വർഷം പ്രൊബേഷൻ കാലയളവായി നിജപ്പെടുത്തിയിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ (മുൻ മുൻസിപ്പൽ കോമൺ സർവീസിൽ) വകുപ്പിൽ ജില്ലാ തലത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിലേക്ക്, എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് തസ്തികമാറ്റ നിയമനം നടത്തുന്നതിന് ആവശ്യമായ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികകളുടെ അപര്യാപ്തതയുള്ളതിനാൽ, പ്രസ്തുത തസ്തികമാറ്റ നിയമനം സംസ്ഥാനതലത്തിലാണ് അനുവദിച്ചിട്ടുള്ളത്. ടി തസ്തികമാറ്റം വഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന ശ്രീമതി ശ്രീബി ബി, ജെസ്ന കെ കെ, സൂര്യ എസ് വേണു എന്നിവരുടെ സീനിയോറിറ്റി സംസ്ഥാനതലത്തിൽ നിലവിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II മാരുടെ സീനിയോറിറ്റിയിൽ ഏറ്റവും ജൂനിയറായിട്ട് യഥാക്രമം കണക്കാക്കാവുന്നതാണ്.

മേൽ തസ്തികമാറ്റത്തിന് പരിഗണിച്ചിട്ടുള്ള എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകൾ പരാമർശം 3 ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ തസ്തികമാറ്റം നല്കുന്നതുവഴി എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവുകൾ ഉണ്ടാകുന്നതല്ല.

Ajithkumar M P
ADDITIONAL DIRECTOR

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :
1. ജില്ലാ ജോയിന്റ് ഡയറക്ടർ (എറണാകുളം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ)
2. സെക്രട്ടറി, (വടക്കൻ പറവൂർ, തിരൂർ നഗരസഭ)
3. സെക്രട്ടറി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്
4. സെക്രട്ടറി, എറണാകുളം, കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ.
5. സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്.
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 28-06-2025 14:11:59